**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **16-09-2025 - ൽ മറുപടിയ്ക്ക്**

**പേവിഷബാധ വാക്സിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പേവിഷബാധ വാക്സിൻ എടുത്തിട്ടും മരണങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | 2025 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ മൃഗങ്ങളിൽ നിന്നും കടിയേറ്റ 6,88,998 പേർക്ക് പേവിഷബാധ വാക്സിൻ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം ഇതുവരെ 27 പേവിഷബാധ മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയിൽ 6 പേർക്ക് പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിരുന്നു. അതിൽ ഒരു വ്യക്തി ഒറ്റ ഡോസ് വാക്സിൻ മാത്രമാണ് സ്വീകരിച്ചിരുന്നത്. പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിട്ടും സംഭവിക്കുന്ന പേവിഷബാധ മരണങ്ങൾ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ഇത്തരത്തിലുള്ള മരണങ്ങൾ വിശദമായ അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. National Centre for Disease Control, Central Drugs Standards Control Organisation (CDSCO), ആരോഗ്യ വകുപ്പ്, State Public Health Lab, ജില്ലാ സർവ്വയിലൻസ് ഓഫീസർമാർ എന്നിവരടങ്ങുന്ന സംഘം അന്വേഷണം നടത്തിയിട്ടുണ്ട്. പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിട്ടും മരണം സംഭവിച്ച കേസുകളിൽ, പ്രസ്തുത ബാച്ചുകളിലുള്ള ലഭ്യമായ വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ഗുണനിലവാര പരിശോധനക്കായി Central Drugs Laboratory യിൽ അയച്ചിട്ടുണ്ട്. CDSCO മുഖേനയാണ് ഇവ അയച്ചിരുന്നത്. ഇവയുടെ പരിശോധനാ ഫലം ലഭ്യമായതിൽ, പരിശോധിച്ച ബാച്ചുകളെല്ലാം ഗുണനിലവാരം പാലിക്കുന്നവയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മുഖത്തും കഴുത്തിലും തലയിലും കൈകളിലുമുണ്ടായിട്ടുള്ള ഗുരുതരമായ category 3 മുറിവുകളിലൂടെ ഞരമ്പുകളിൽ നേരിട്ട് വൈറസ് പ്രവേശിച്ചത് കാരണമാണ് മരണങ്ങൾ തടയുവാൻ |

| | | | |
|---|---|---|---|
| | | | കഴിയാത്തത് എന്നാണ് പ്രാഥമികമായി വിലയിരുത്തിയിട്ടുള്ളത്. |
| (ബി) | പേവിഷ വാക്സിനുകളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകളും അനുബന്ധ സാമഗ്രികളും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ക്ഷണിക്കുന്ന മത്സരാധിഷ്ഠിത ദർഘാസുകളിലൂടെ സംഭരിച്ച് ഇൻഡന്റിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ്. ചുവടെ പ്രസ്താവിച്ചിട്ടുള്ള 2 ഇനം മരുന്നുകളാണ് പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ചു നൽകിവരുന്നത്.<br><br>1. RABIES VACCINE FOR HUMAN IP (CELL CULTURE- CHICK EMBRYO) WITH 1 ML DILUENT, 2ML SYRINGE WITH NEEDLE 24G AND FILE FOR OPENING(FOR INTRA DERMAL ROUTE OF ADMINISTRATION) 2.5 IU 1ml.<br>2. EQUINE ANTI RABIES IMMUNOGLOBULIN INJ 300 IU/ml 5 ml Vial<br><br>പേവിഷ പ്രതിരോധ വാക്സിനുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | നായ്ക്കളുടെ കടിയേറ്റ് സർക്കാർ ആശുപത്രികളിൽ എത്തുന്നവർക്ക് മുറിവിന്റെ കാഠിന്യം അനുസരിച്ച് ഇമ്മ്യൂണോഗ്ലോബുലിൻ തുടങ്ങിയവ നൽകാൻ ട്രാൻസ്പ്ലാൻറേഷൻപ്രോട്ടോകോൾ നിലവിലുണ്ടോ; ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | മൃഗങ്ങളുടെ കടിയേറ്റ് ആശുപത്രികളിൽ എത്തുന്നവർക്ക് നൽകേണ്ട വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവയെ സംബന്ധിച്ച് National Rabies Control Programme മുഖേന കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്ക് പരിശീലനങ്ങളും തുടർപരിശീലനങ്ങളും നൽകുന്നുണ്ട്. ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ അച്ചടിച്ച് ആശുപത്രികളിൽ ഒ.പി.യിലും അത്യാഹിത വിഭാഗങ്ങളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലങ്ങളിൽ നിന്ന് വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന മേലുദ്യോഗസ്ഥർ ഇത് സംബന്ധിച്ച നിരീക്ഷണങ്ങൾ നടത്തുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**പേവിഷ പ്രതിരോധ വാക്സിനുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

പേവിഷ പ്രതിരോധത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന 2 ഇനം മരുന്നുകളും പ്രസ്തുത വാക്സിൻ ഉൽപാദിപ്പിക്കുന്ന കമ്പനികൾ നൽകുന്ന ഇൻ-ഹൗസ് റിപ്പോർട്ടിനു പുറമെ വിതരണം ചെയ്യുന്ന ഓരോ ബാച്ചും സെൻട്രൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ (Central Drugs Laboratory, Kasauli) നിന്നും നിശ്ചിത ഗുണനിലവാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷം മാത്രമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം നടത്തിവരുന്നത്.

ഇത്തരത്തിൽ വിതരണം നടത്തുന്ന പേവിഷ പ്രതിരോധ വാക്സിനുകൾ നിശ്ചിത താപനിലയിൽ (2-8 ഡിഗ്രി സെൽഷ്യസിൽ) ആണ് വിതരണം നടത്തുന്നത്. പ്രസ്തുത താപനില ഉറപ്പുവരുത്തുന്നതിന് വാഹനങ്ങളിൽ Temperature Data loggers ദർഘാസ് വ്യവസ്ഥ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതും, പ്രസ്തുത വാക്സിനുകളുടെ വിതരണ സമയത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അതാത് ജില്ലാ വെയർഹൗസുകളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ താപനില നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നതുമാണ്.

നിശ്ചിത താപനിലയിലല്ല ടി ഇനങ്ങൾ വിതരണം നടത്തിയതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത വാക്സിനുകൾ ജില്ലാ മരുന്ന സംഭരണ കേന്ദ്രങ്ങളിൽ സ്വീകരിക്കാതെ മടക്കി അയക്കുന്നു. ഇത്തരത്തിൽ കോർപ്പറേഷന്റെ ജില്ലാ മരുന്ന സംഭരണ കേന്ദ്രങ്ങളിൽ എത്തിച്ചേരുന്ന മരുന്നുകൾ നിശ്ചിത താപനിലയിൽ സൂക്ഷിക്കേണ്ട Walk in cold Room കളിൽ സൂക്ഷിച്ച് ആശുപത്രികളുടെ ആവശ്യകതയ്ക്ക് അനുസൃതമായി വിതരണം നടത്തിവരുന്നു.

Walk in cold Room കളുടെ താപനിലയും കൃത്യമായി മോണിറ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സ്ഥാപനങ്ങൾക്ക് വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ആവശ്യമുള്ളപ്പോൾ ഐസ് പാക്കുകൾ ഇട്ട Cold Box/Thermocol Box എന്നിവയിലാണ് വിതരണം ചെയ്യുന്നത്. ഇവയോടൊപ്പം നൽകുന്ന Issue Note-ൽ Cold Chain നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രത്യേകം രേഖപ്പെടുത്തുന്നുണ്ട്.

സ്ഥാപനങ്ങളിൽ വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ സൂക്ഷിക്കുന്നത് നിശ്ചിത താപനില (2-8 ഡിഗ്രി സെൽഷ്യസ്) നിലനിർത്തുന്ന റഫ്രിജറേറ്ററുകളിലാണ്. ഇവയുടെ താപനിലയും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. രോഗികൾക്ക് നൽകുന്നതിന് വേണ്ടി മാത്രമാണ് വാക്സിൻ പുറത്തെടുക്കുന്നത്. ഇപ്രകാരം പുറത്തെടുക്കുന്ന വാക്സിൻ തിരികെ റഫ്രിജറേറ്ററുകളിലോ നിശ്ചിത ഐസ് പാക്കുകളുള്ള വാക്സിൻ കാരിയറുകളിലോ ആണ് സൂക്ഷിക്കുന്നത്. കൂടാതെ ഒരിക്കൽ ഉപയോഗിക്കുവാൻ തുടങ്ങിയ വാക്സിൻ വയൽ പരമാവധി 6 മണിക്കൂർ വരെ മാത്രമാണ് ഉപയോഗിക്കുന്നത്. അധികമുള്ള വാക്സിൻ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.

പ്രതിരോധ കുത്തിവെയ്പുകൾ എടുത്തിട്ടും മരണം സംഭവിച്ച കേസുകളിൽ, പ്രസ്തുത ബാച്ചുകളിലുള്ള ലഭ്യമായ വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ ഗുണനിലവാര പരിശോധനക്കായി Central Drugs Laboratory യിൽ അയച്ചിട്ടുണ്ട്. CDSCO മുഖേനയാണ് ഇവ അയച്ചിരിക്കുന്നത്. ഇവയുടെ പരിശോധനാ ഫലം ലഭ്യമായതിൽ, പരിശോധിച്ച ബാച്ചുകളെല്ലാം ഗുണനിലവാരം പാലിക്കുന്നവയാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ